**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **15-03-2022 - ൽ മറുപടിയ്ക്ക്**

**മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ കൈക്കൂലി വിവാദം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. അൻവർ സാദത്ത് , ശ്രീ . ഐ .സി .ബാലകൃഷ്ണൻ , ശ്രീ. എ . പി . അനിൽ കുമാർ** | | **null (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ പരീക്ഷ ജയിച്ച എം.ബി.എ. വിദ്യാർത്ഥിനിക്ക് മാർക്ക് ലിസ്റ്റ് ലഭ്യമാക്കാൻ ഒന്നര ലക്ഷം രൂപ കൈക്കൂലി നൽകേണ്ട സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയിലെ എം.ബി.എ മേഴ്സി ചാൻസ് പരീക്ഷ എഴുതിയതും, സ്വാഭാവികമായി തന്നെ വിജയിക്കുകയും ചെയ്ത വിദ്യാർത്ഥിനിയെ പരീക്ഷ വിജയിപ്പിച്ച നൽകാം എന്ന് പറഞ്ഞു കൊണ്ട്, അതിനായി സർവകലാശാലയിലെ ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീമതി.എൽസി.സി.ജെ പണം ആവശ്യപ്പെട്ട് കൈപ്പറ്റിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് അഴിമതി വിരുദ്ധ വിഭാഗം ടി ജീവനക്കാരിയെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇതിനെ തുടർന്ന് ടി ജീവനക്കാരിയെയും ബന്ധപ്പെട്ട സെക്ഷൻ ഓഫീസറെയും അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ഈ സംഭവത്തേക്കുറിച്ച് സിൻഡിക്കേറ്റ് സമിതി വിശദമായി അന്വേഷണം നടത്തുകയും ചെയ്തു. പ്രസ്തുത അന്വേഷണത്തിൽ ടി ജീവനക്കാരിയിൽ നിന്നും മാത്രമുണ്ടായ ഒരു ഒറ്റപ്പെട്ട സംഭവം മാത്രമാണിതെന്നും സർവകലാശാലയിലെ മറ്റു ജീവനക്കാർക്കോ ഉദ്യോഗസ്ഥർക്കോ ഇതിൽ പങ്കില്ല എന്നും ബോധ്യമായിട്ടുണ്ട്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ആരോപണവിധേയയായ ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പ തല അന്വേഷണങ്ങൾ നടത്തി നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ വിഷയത്തിന്മേൽ ടി ഉദ്യോഗസ്ഥയ്ക്കെ തിരെ സർവ്വകശാലാ നിയമ പ്രകാരമുള്ള ശിക്ഷാ നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സംഭവത്തിലെ കുറ്റക്കാർക്ക് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയിലെ എം.ബി.എ മേഴ്സി ചാൻസ് പരീക്ഷ എഴുതിയതും, സ്വാഭാവികമായി തന്നെ |

| | | | |
|---|---|---|---|
| | | | വിജയിക്കുകയും ചെയ്ത വിദ്യാർത്ഥിനിയെ പരീക്ഷ വിജയിപ്പിച്ചു നൽകാം എന്ന് പറഞ്ഞു കൊണ്ട്, അതിനായി സർവകലാശാല യിലെ ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീമതി.എൽസി.സി.ജെ പണം ആവശ്യപ്പെട്ട് കൈപ്പറ്റിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് അഴിമതി വിരുദ്ധ വിഭാഗം ടി ജീവനക്കാരിയെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇതിനെ തുടർന്ന് ടി ജീവനക്കാരിയെയും ബന്ധപ്പെട്ട സെക്ഷൻ ഓഫീസറെയും അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ഈ സംഭവത്തേക്കുറിച്ച് സിൻഡിക്കേറ്റ് സമിതി വിശദമായി അന്വേഷണം നടത്തുകയും ചെയ്തു. പ്രസ്തുത അന്വേഷണത്തിൽ ടി ജീവനക്കാരിയിൽ നിന്നും മാത്രമുണ്ടായ ഒരു ഒറ്റപ്പെട്ട സംഭവം മാത്രമാണിതെന്നും സർവകലാശാലയിലെ മറ്റു ജീവനക്കാർക്കോ ഉദ്യോഗസ്ഥർക്കോ ഇതിൽ പങ്കില്ല എന്നും ബോധ്യമായിട്ടുണ്ട്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ആരോപണവിധേയയായ ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പ് തല അന്വേഷണങ്ങൾ നടത്തി നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ വിഷയത്തിന്മേൽ ടി ഉദ്യോഗസ്ഥയ്ക്കെതിരെ സർവ്വകശാലാ നിയമ പ്രകാരമുള്ള ശിക്ഷാ നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പരീക്ഷ പാസായവർക്ക് മാർക്ക് ലിസ്റ്റ് കിട്ടണമെങ്കിൽ കൈക്കൂലി കൊടുക്കണം എന്ന അവസ്ഥയിലേക്ക് സർവകലാശാലകൾ മാറിയതായുള്ള ആക്ഷേപത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (സി) | സർവകലാശാലയിൽ മാർക്ക് ലിസ്റ്റ് ലഭിക്കുന്നതിന് കൈക്കൂലി നൽകണമെന്ന അവസ്ഥയുള്ളതായി ശ്രദ്ധ യിൽപെട്ടിട്ടില്ല. ഇപ്പോൾ ഉണ്ടായ ഒറ്റപ്പെട്ട സംഭവത്തിൽ വിജിലൻസ് അന്വേഷണത്തിന് പുറമേ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇത്തവണത്തെ എം.ബി.എ. ഫലത്തിലെ അപാകതകൾ മുതലെടുത്താണ് ഉദ്യോഗസ്ഥ തട്ടിപ്പ് നടത്തിയതെന്ന് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ; പരീക്ഷാ ഫലങ്ങൾ കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ഡി) | എം.ബി.എ ഫലത്തിൽ സ്വാഭാവികമായി അപാകതകൾ ഉണ്ടായിരുന്നില്ല. ഒരു ഉദ്യോഗസ്ഥയുടെ ഒറ്റപ്പെട്ട തെറ്റാ യ പ്രവർത്തിയാണ് ചില വിദ്യാർത്ഥികളുടെ ഫലത്തിൽ ക്രമക്കേട് ഉണ്ടാകാൻ ഇടയാക്കിയത് എന്ന് അന്വേ ഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നു മുണ്ടായ തെറ്റായ പ്രവർത്തിയെ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ടി ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരികയാണ്. അതോടൊപ്പം വിദ്യാർത്ഥികൾക്ക് അവരുടെ പരാതികളും അപേക്ഷകളും സമർപ്പിക്കുന്നതിനും ആയവ സുതാര്യമായി കൈകാര്യം ചെയ്യുന്നതിനുമായി സർവകലാശാല തലത്തിൽ ഒരു ഓൺലൈൻ പരാതി പരിഹാര പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മാത്രമല്ല വിദ്യാർത്ഥികൾക്ക് നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെട്ട രീതിയിൽ സജ്ജീകരി ച്ചിട്ടുണ്ട്. സമഗ്രമായ പരീക്ഷാപരിഷ്ക്ക രണനടപടികൾ സർക്കാർ പരിഗണിച്ചുവരികയാണ്. |
| (ഇ) | സമാന സംഭവങ്ങൾ തടയാനും മാർക്ക് ലിസ്റ്റ് വിതരണമടക്കമുള്ള സേവനങ്ങൾ പൂർണ്ണമായും സുതാര്യമാക്കാനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | എം.ബി.എ ഫലത്തിൽ സ്വാഭാവികമായി അപാകതകൾ ഉണ്ടായിരുന്നില്ല. ഒരു ഉദ്യോഗസ്ഥയുടെ ഒറ്റപ്പെട്ട തെറ്റാ യ പ്രവർത്തിയാണ് ചില വിദ്യാർത്ഥികളുടെ ഫലത്തിൽ ക്രമക്കേട് ഉണ്ടാകാൻ ഇടയാക്കിയത് എന്ന് അന്വേ ഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നു മുണ്ടായ തെറ്റായ പ്രവർത്തിയെ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ടി ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പം വിദ്യാർത്ഥികൾക്ക് അവരുടെ പരാതികളും അപേക്ഷകളും സമർപ്പിക്കുന്നതിനും ആയവ സുതാര്യമായി കൈകാര്യം ചെയ്യുന്നതിനുമായി സർവകലാശാല തലത്തിൽ ഒരു ഓൺലൈൻ പരാതി പരിഹാര പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല വിദ്യാർത്ഥികൾക്ക് നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതി നായി ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. സമഗ്രമായ പരീക്ഷാപരിഷ്ക്ക രണനടപടികൾ സർക്കാർ പരിഗണിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ